LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂൺ 25, ബുധൻ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 1986 ജൂൺ 25-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട്

* 46 (46) ശ്രീ. തോപ്പിൽ രവി:

,, രാഘവൻ പൊഴക്കടവിൽ:

,, കെ. രാഘവൻ മാസ്റ്റർ :

,, കെ. പി. പ്രഭാകരൻ :

,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജനാർദ്ദനൻ നായർ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചുവോ :

(ബി) അതിന്റെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(സി) അതിൻമേൽ ഗവൺമെന്റ് എന്തു തീരുമാനമെടുത്തെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ലഭിച്ചിട്ടുണ്ട്.

(ബി) നെൽകൃഷിച്ചെലവ്, നെല്ലിന്റെ വില, വളം വിതരണം, കീടനാശിനികളുടെ വിതരണം, വിത്തുസംഭരണം, വിതരണം, ഓണാട്ടുകര, കുട്ടനാട് കോൾനിലങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലെ നെൽകൃഷി പ്രശ്നങ്ങൾ, കൂട്ടുകൃഷി, കാർഷികസേവനകേന്ദ്രങ്ങൾ ഇരുപ്പൂകൃഷി, കൃഷി എഞ്ചിനിയറിംഗ്, കാർഷികോപകരണങ്ങൾ, എന്നീ പ്രധാനമായുള്ള വിഷയങ്ങളെ സ്പർശിക്കുന്ന നൂറിലധികം നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലുണ്ട്.

(സി) കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ നെല്ലുൽപ്പാദനവും അതുസംബന്ധമായ പ്രശ്നങ്ങളും പഠിച്ച് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുസംബന്ധിച്ചുള്ള ശുപാർശകൾ സമർപ്പിക്കാനായി കാർഷികോൽപ്പാദന കമ്മീഷണറെ ഈയിടെ നിയോഗിക്കുകയുണ്ടായി. ആ ശുപാർശകൾകൂടി കിട്ടിയിട്ട് പ്രശ്നമാകെ പരിശോധിച്ച് നടപടിയെടുക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. തോപ്പിൽ രവി : നെൽകൃഷിക്കുള്ള ചെലവ് നിത്യേനയെന്നോണം കൂടിക്കൊണ്ടിരിക്കുകയും അതിൽനിന്നുമുള്ള ആദായം കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നെല്ലുൽപ്പാദകർ ആ രംഗത്തുനിന്നും പിൻമാറിക്കൊണ്ടിരിക്കുന്നത് പരിഗണിച്ച് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ വളരെ പ്രാധാന്യം നൽകി എത്രയുംവേഗം നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ

ശ്രീ. എൻ. സുന്ദരൻ നാടാർ : ശ്രീ. ജനാർദ്ദനൻ നായരുടെ റിപ്പോർട്ട് 1981 ആഗസ്റ്റിൽ ലഭിക്കുകയുണ്ടായി. ആ റിപ്പോർട്ട് വിശദമായി പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിലേക്കുവേണ്ടി എ. പി. സി. ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ 1983 മാർച്ചിൽ നിയമിക്കുകയുണ്ടായി. ആ റിപ്പോർട്ട് 1985 മാർച്ചിൽ ഗവൺമെന്റിനു സമർപ്പിക്കുകയുണ്ടായി. ഇന്നിപ്പോൾ കർഷകരെ സഹായിക്കുന്നതിനുവേണ്ടി 1981-ലെ റിപ്പോർട്ടും 1985-ലെ റിപ്പോർട്ടും സമഗ്രമായി പഠിച്ച്, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ എ. പി. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഉടനെ ലഭിക്കുന്നതാണ്. അത് കിട്ടുന്ന മുറയ്ക്ക് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ഇതുവരെ കേരളത്തിലെ കൃഷിയെ സംബന്ധിച്ചിടത്തോളം ഒരു ദീർഘകാല പോളിസിയോ ഹ്രസ്വകാല പോളിസിയോ ഉണ്ടായിട്ടില്ല. അതുണ്ടാക്കുന്നതിന് ഗവൺമെന്റ് താൽപ്പര്യമെടുക്കുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നെൽകൃഷിക്കാരുടെ കാര്യങ്ങൾ പഠിക്കാൻവേണ്ടി 1985-ൽ എ. പി. സി. യുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി എന്നു പറഞ്ഞു. അതിനുശേഷമാണോ ജനാർദ്ദനൻ നായർ കമ്മീഷനെ നിയമിച്ചിട്ടുള്ളത്? ഈ രണ്ടുറിപ്പോർട്ടും ഏതുരൂപത്തിൽ പരിഗണിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായ ധാരണയുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഞാൻ ഇപ്പോൾ ആദ്യമേ പറഞ്ഞു ജനാർദ്ദനൻ നായരെ നെൽകൃഷിയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 1981 ഫെബ്രുവരിയിലാണ് നിയമിച്ചത് എന്ന്. അദ്ദേഹം ആ റിപ്പോർട്ട് 1981 ആഗസ്റ്റിൽ സമർപ്പിച്ചു. അതൊരു ഏകാംഗ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷൻ റിപ്പോർട്ടായതുകൊണ്ട് വിശദമായിപഠിക്കുന്നതിനുവേണ്ടി 1983 മാർച്ചിൽ എ.പി.സി. ചെയർമാനും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേഷൻ, ഇറിഗേഷൻ ചീഫ് എൻജിനീയർ, ഫൈനാൻസ് സെക്രട്ടറി തുടങ്ങിയവരും അടങ്ങുന്ന ഒരു കമ്മിറ്റിയെ നിയമിച്ചു. അവർ 1985 മാർച്ചിൽ റിപ്പോർട്ടുതന്നു. അതിനുശേഷം നെല്ലുൽപ്പാദനവും ഉൽപ്പാദനക്ഷമതയേയുംകുറിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു റിപ്പോർട്ട് തരുന്നതിനുവേണ്ടിയാണ് എ. പി. സി. യെ ഏൽപ്പിച്ചത്. അത് ഉടനെ ലഭിക്കും.

ശ്രീ. രാഘവൻ പൊഴക്കടവിൽ : വേക്കൻഡ് ബാങ്കിൽനിന്നും കൃഷിക്കാർക്ക് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലാണ് ധനസഹായം നൽകുന്നതെന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് 47-ാമത്തെ ചോദ്യത്തിലുള്ളതാണ്. ഈ ചോദ്യത്തിൽ ഉദിക്കുന്നില്ല.

ശ്രീ. കെ. രാഘവൻമാസ്റ്റർ : ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ തൃശ്ശൂർ കോൾനിലങ്ങളും കുട്ടനാട്-ഓണാട്ടുകര എന്നീ പ്രദേശങ്ങളിലെ കൃഷിയുടെ കാര്യവും മാത്രമേ പഠനത്തിന് വിധേയമായിട്ടുള്ളോ ? പാലക്കാട്, വയനാട് പോലെയുള്ള മറ്റു കൃഷികേന്ദ്രങ്ങളെ സംബന്ധിച്ചുള്ള പഠനം നടത്തിയിട്ടുണ്ടോ ? ഇല്ലെങ്കിൽ അതും കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ടിൽ നൂറിൽപ്പരം നിർദ്ദേശങ്ങളടങ്ങിയിട്ടുണ്ട്. അത് വിശദമായി പഠിച്ച് റിപ്പോർട്ട് തരുന്നതിനാണ് എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പാറശ്ശാല മുതൽ കാസർകോട് വരെയുള്ള നെൽപ്പാടങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് തരുന്നതിനാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ : ആദ്യമായി 'ബി' ക്ക് ഉത്തരം നൽകിയപ്പോൾ ജനാർദ്ദനൻനായർ കമ്മീഷൻ പരിശോധിച്ച കുറേ വിഷയങ്ങളെപ്പറ്റി പറഞ്ഞു. ഇവിടെ ചോദ്യം അതല്ല. ചോദ്യം അതിലെ പ്രധാനപ്പെട്ട ശുപാർശ എന്തായിരുന്നു എന്നാണ്. അത് ഇതുവരെ പറഞ്ഞിട്ടില്ല. ഇനിയെങ്കിലും പറയാൻ കഴിയുമെങ്കിൽ പറയണം. അത് മെയിൻ ചോദ്യത്തിലുള്ളതാണ്. മുൻകൂട്ടി നോട്ടീസ് തന്നിട്ടുള്ളതാണ്. 1981 ഫെബ്രുവരിയിൽ നിയമിച്ച കമ്മീഷൻ ആഗസ്റ്റിൽ റിപ്പോർട്ട് തന്നു എന്നാണ് ഇപ്പോൾ മന്ത്രി പറഞ്ഞത്. ആറു മാസത്തെ സമയമാണ് കൊടുത്തിരുന്നത്. പിന്നെ രണ്ടുവർഷം കഴിഞ്ഞിട്ടാണ് വീണ്ടും ഒരു കമ്മീഷനെ വയ്ക്കുന്നത്. അത് നേരത്തെ തന്നിട്ടുള്ള റിപ്പോർട്ട് പരിശോധിച്ച് ഏതൊക്കെ നടപ്പിലാക്കണമെന്നുള്ളതിനെപറ്റിയുള്ള ശുപാർശ സമർപ്പിക്കാനാണ്. ജനാർദ്ദനൻ നായർ കമ്മിഷൻ ഈ രാജ്യം മുഴുവൻ നടന്നു തെളിവെടുത്തതാണ്. ആ ശുപാർശ എങ്ങനെ നടപ്പാക്കാം എന്നുള്ളതിനെപറ്റി പരിശോധിക്കാനാണ് ഉന്നതാധികാര കമ്മീഷനെവച്ചത്. എ. പി. സി. ചെയർമാനായിട്ടുള്ള ആ കമ്മറ്റി രണ്ടു കൊല്ലം എടുത്തു റിപ്പോർട്ട് സമർപ്പിക്കാൻ. 1985-ലാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഈ പ്രോസസ് അനുസരിച്ചാണെങ്കിൽ എ. പി. സി. റിപ്പോർട്ട് കൊടുക്കാൻ 1987 ആകും. അപ്പോഴേ ഈ ഗവൺമെന്റ് പോകും. 1981-ൽ തന്നെ കൃഷി നഷ്ടമായതുകൊണ്ട് കൃഷിക്കാർ നെൽ

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. 96,000 ഹെക്ടർ ഇപ്പോഴും തന്നെ ഉപേക്ഷിച്ചുകഴിഞ്ഞു എന്നാണ് റിപ്പോർട്ട്. അതുകൊണ്ട് അടിയന്തിരമായി സംരക്ഷിക്കാനെടുക്കേണ്ടുന്ന നടപടിയെക്കുറിച്ച് പഠിക്കാനാണ് ഇപ്പോഴത്തെ കമ്മീഷനെ നിയമിച്ചത്. അത് പരിശോധിച്ച് റിപ്പോർട്ട് കിട്ടിയില്ല എന്നാണ് മന്ത്രി ഇപ്പോഴും പറയുന്നത്. ജൂൺ 2-ാം തീയതിലെ മനോരമയിൽ, ഈ കമ്മീഷൻറിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചുഎന്നും മൊത്തം കൃഷിച്ചെലവിൻെറ 50 ശതമാനം സബ്സിഡി കൊടുക്കാൻ ശുപാർശ ചെയ്തിരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. അത് ഇതുവരെ ഗവൺമെൻറ് നിഷേധിച്ചിട്ടില്ല. ആ റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിയോ ? അതിന് എന്തു തീരുമാനമെടുത്തു എന്നറിയണം.

ശ്രീ. എൻ. സുന്ദരൻ നാടാർ : നെൽകൃഷിക്കാരുടെ പ്രശ്നങ്ങളും പഠിച്ച് പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുവാനാണ് റിട്ടയേർഡ് കൃഷിവകുപ്പു ഡയറക്ടർ ശ്രീ. ജനാർദ്ദനൻ നായരെ ഒരു ഏകാംഗകമ്മീഷനായി 1981 ഫെബ്രുവരിയിൽ ഗവൺമെൻറ് നിയമിച്ചത്. അതിൽ എന്തെല്ലാം കാര്യങ്ങളും പറഞ്ഞിട്ടുണ്ടെന്നും 'ബി' യുടെ ഉത്തരത്തിൽ ഞാൻ വ്യക്തമായി വായിച്ചു. അത് ഒന്നുകൂടി വായിക്കാം: നെൽകൃഷി ച്ചെലവ്, നെല്ലിൻെറ വില, വളം വിതരണം, കീടനാശിനികളുടെ വിതരണം, വിത്തുസംഭരണം, വിതരണം, ഓണാട്ടുകര- കുട്ടനാട് കോൾനിലങ്ങളും തുടങ്ങിയ വിവിധ മേഖലകളിലെ നെൽകൃഷിപ്രശ്നങ്ങളും, കൂട്ടുകൃഷി, കാർഷിക സേവനകേന്ദ്രങ്ങളും, ഇരുപ്പൂകൃഷി, കൃഷി എൻജിനീയറിംഗ് ഇങ്ങനെ പ്രധാനമായുള്ള വിഷയങ്ങളെ സ്പർശിക്കുന്ന നൂറിലധികം നിർദ്ദേശങ്ങളും ആ റിപ്പോർട്ടിലുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : പ്രധാനപ്പെട്ട നിർദ്ദേശമാണ് ചോദിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി : പ്രധാനപ്പെട്ട.....

ശ്രീ. എൻ. സുന്ദരൻ നാടാർ : ഗൗരിയമ്മ ഇതിൽ കൂടുതൽ ചോദിക്കേണ്ട കാര്യമില്ല. ഗൗരിയമ്മയുടെ കാലത്താണ് 1981-ൽ ജനാർദ്ദനൻ നായരെ നിയമിച്ചത്. 1981 ആഗസ്റ്റിലാണ് റിപ്പോർട്ട് കിട്ടിയത്. റിപ്പോർട്ട് വിശദമായി പഠിക്കുന്നതിനുവേണ്ടി 1983 മാർച്ചിലാണ് എ. പി. സി. ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റി 1985 മാർച്ചിൽ റിപ്പോർട്ട് സമർപ്പിച്ചു. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഓരോ വർഷവും മാറ്റങ്ങളും പ്രയാസങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു ദീർഘകാലാടിസ്ഥാനത്തിലുള്ള റിപ്പോർട്ട് കിട്ടേണ്ടത് കൃഷിക്കാരുടെ ആവശ്യമാണ്. അതിനുവേണ്ടിയാണ് ഇപ്പോൾ എ. പി. സി. യെ നിയമിച്ചിട്ടുള്ളത്. ആ റിപ്പോർട്ട് ഉടനെ കിട്ടും.

ശ്രീ. കെ. പി. പ്രഭാകരൻ: വളരെ മുൻകൂട്ടി നോട്ടീസ് കൊടുത്ത ഒരു ചോദ്യത്തിന് വ്യക്തമായിട്ട് മറുപടി കിട്ടണം, ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകളും എന്തൊക്കെയെന്നുള്ളതാണ്.

ശ്രീ. എൻ. സുന്ദരൻ നാടാർ: അത് പഠിച്ചുകൊണ്ടിരിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. പി. പ്രഭാകരൻ: എ. പി. സി. റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തിരിക്കുന്നുവെന്ന് പത്രങ്ങളിലൊക്കെ വന്നിരിക്കുന്നു. രാജ്യം മുഴുവനുമുള്ള കൃഷിക്കാരുടെയിടയിൽ അത് പ്രചരിച്ചിരിക്കുന്നു. അത് നിഷേധിക്കുന്നുണ്ടോ? 50 ശതമാനം സബ്സിഡി കൊടുക്കണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നത്. അത് നിഷേധിക്കുന്നുണ്ടോ? അതാണ് ഞാൻ ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻ നാടാർ: എ. പി. സി. ചെയർമാനായിട്ടുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. ഉല്പാദനത്തെക്കുറിച്ചും, ഉല്പാദന ക്ഷമതയെക്കുറിച്ചും കൂടുതൽ പഠിച്ച് ഒരു ദീർഘകാല റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഇപ്പോഴും എ. പി. സി. യെ ഏർപ്പാട് ചെയ്തിരിക്കുകയാണ്,

ശ്രീ. കെ. പി. പ്രഭാകരൻ: റിപ്പോർട്ട് കിട്ടി. പിന്നെ വീണ്ടും ഫ്ലപ്പിച്ചിരിക്കുകയാണോ? 1982-83 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 ശതമാനം സബ്സിഡി കൊടുക്കണമെന്ന് അന്നത്തെ ധനകാര്യവകുപ്പു മന്ത്രി പറഞ്ഞു. 50 ശതമാനമാണ് ജനാർദ്ദനൻ നായർ കമ്മീഷൻ ശുപാർശ ചെയ്തത്. സംസ്ഥാനത്തൊട്ടാകെ ഒറ്റയടിക്ക് ഇത് കൊടുക്കാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ട് അതിന്റെ ആദ്യത്തെ പടിയായിട്ട് കുട്ടനാട്ടിലെയും തൃശ്ശൂരിലെയും കൃഷിക്കാർക്ക് 25 ശതമാനം സബ്സിഡി കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. പിന്നെ 3 കൊല്ലം ഞങ്ങൾ ഗുസ്തി പിടിച്ചതിന്റെ ഫലമായിട്ടാണ് അവസാനം ആ 25 ശതമാനം പോയി ഹെക്ടറിന് 100 രൂപ കൊടുക്കാനായിട്ട് (300-ഉം 400-ഉം രൂപ വളത്തിന് ചെലവാകുന്നിടത്ത്) തീരുമാനമെടുത്തത്. ആ തീരുമാനമനുസരിച്ചുള്ള സബ്സിഡി തന്നെ ഇപ്പോഴും കൊടുത്തുതീർത്തിട്ടില്ല. മാത്രമല്ല, 1986-87ലെ ബഡ്ജറ്റിൽ വളം സബ്സിഡിക്കുവേണ്ടി യാതൊന്നും തന്നെ നീക്കിവച്ചിട്ടില്ല. അതുകൊണ്ട് എനിക്കറിയേണ്ടത്, 1986-87-ൽ വളം സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അതിന് എന്താണ് മാർഗ്ഗം?

ശ്രീ. എൻ. സുന്ദരൻ നാടാർ: പമ്പിംഗ് സബ്സിഡി, ഫെർട്ടിലൈസർ സബ്സിഡി, നാചുറൽ കലാമിറ്റിയുടെ സബ്സിഡി ഇതൊക്കെ ഇപ്പോഴത്തന്നെ കൊടുക്കുന്നുണ്ട്. ഈ സബ്സിഡികളിലെല്ലാം കുടിശ്ശികയുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ചചെയ്ത് കുടിശ്ശിക മുഴുവൻ വളരെ വേഗം കൊടുക്കുന്നതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ പമ്പിംഗ് സബ്സിഡിയിലുള്ള കുടിശ്ശികയല്ല ചോദിച്ചത്. എന്റെ ചോദ്യത്തിന് വളരെ വ്യക്തമായ മറുപടി കിട്ടണം. 1886-87-ൽ വളം സബ്സിഡി കൊടുക്കാൻ (കഴിഞ്ഞ വർഷം കൊടുത്തതുപോലെ കൊടുക്കാനായിട്ട്) ഒരു നയാപൈസയും ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. 1986-87-ൽ വളം സബ്സിഡി കൊടുക്കുമോയെന്നാണെന്റെ ചോദ്യം. അതിന് മറുപടി കിട്ടണം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): 1986-87-ൽ വളം സബ്സിഡി പൂർണ്ണമായി കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: 1981-ൽ സമർപ്പിച്ച റിപ്പോർട്ടിൻമേൽ 5 കൊല്ലമായിട്ടും യാതൊരു നടപടിയുമായിട്ടില്ല. ആ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്നുപറഞ്ഞ് (ശരിയായോ തെറ്റായോ) പത്രങ്ങളിലൊക്കെ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇത്രയും കാലതാമസം വന്നതുകൊണ്ട് കാലഹരണപ്പെട്ടുപോകാനിടയുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും അത് പ്രസിദ്ധപ്പെടുത്തിക്കൂടേ? അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻനാടാർ: ഉടനെ തരുന്നതിലേക്കു വേണ്ടി എ. പി. സി. യെ ഫോർപ്പാട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കും.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: അത് പ്രസിദ്ധപ്പെടുത്തുമോയെന്നാണ് ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻനാടാർ: പ്രസിദ്ധപ്പെടുത്തുന്നതാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഈ റിപ്പോർട്ട് അഞ്ചുകൊല്ലമിങ്ങനെ നീണ്ടുനീണ്ടുപോയത് വളരെ സാവകാശം എടുത്തതുകൊണ്ടാണ്. അതേസമയം വളരെ പൊടുന്നനവേ ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ഐ. പി. ഡി. (ഇന്റൻസീവ് പാഡി ഡവലപ്പ്മെന്റ്) എന്നുപറയുന്ന പലതരം കാര്യങ്ങളും ഉപേക്ഷിക്കുകയും വേണ്ടെന്നുവയ്ക്കുകയും മാറ്റം വരുത്തുകയുമൊക്കെ ചെയ്തത് പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: അത് ഗവൺമെന്റ് നേരത്തേ എടുത്തിട്ടുള്ള തീരുമാനമാണ്. ഐ. പി. ഡി. യൂണിറ്റിനു പകരം ടി. ആർ. വി. പ്രോഗ്രാം ഫോർപ്പാട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഐ. പി. ഡി. യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചനയിൽ ഇല്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: റദ്ദാക്കിയത് പുനഃപരിശോധന നടത്താൻ തയ്യാറാകുമോയെന്നാണ് ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻ നാടാർ: ഗവൺമെന്റ് ആലോചിക്കുന്നില്ലെന്ന് മറുപടി പറഞ്ഞല്ലോ.

ശ്രീമതി. കെ. ആർ. ഗൗരി: ജനാർദ്ദനൻ നായർ കമ്മീഷനെ 1981 ഫെബ്രുവരിയിൽ നിയമിച്ചു. 1981 ആഗസ്റ്റ് 31-ന് അദ്ദേഹം റിപ്പോർട്ട് തന്നു. ആ റിപ്പോർട്ട് പഠിച്ച് ക്യാബിനറ്റ് നോട്ട് തയ്യാറാക്കാൻ ഒരു വിശ്വനാഥൻനായരെ നിയമിച്ചു. ആ വിശ്വനാഥൻനായർ 1981 ഒക്ടോബർ മാസം ക്യാബിനറ്റ് നോട്ടും തന്നു. അത് പ്രസ്സിൽ അച്ചടിക്കാൻ കൊടുക്കുകയും ചെയ്തു. വളരെ സബ്സിഡി മാത്രമല്ല, മറ്റനേകം ശുപാർശകൾ അതിനകത്തുണ്ട്. വളരെ സബ്സിഡി 50 ശതമാനം കൊടുത്തതുകൊണ്ടുമാത്രം കാര്യമായില്ല, നെൽകൃഷി എങ്ങനെ ലാഭകരമാക്കാമെന്നുള്ളതാണ് പ്രധാനമായി നോക്കേണ്ടത്. ആ റിപ്പോർട്ട് കിട്ടി ഇത്രകാലമായിട്ടും അത് അംഗീകരിച്ചാൽ പ്രൊഡക്ഷൻ കമ്മീഷണർ നോക്കി രണ്ടോമതു റിപ്പോർട്ട് സമർപ്പിക്കാൻ എന്താണ് താമസം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻനാടാർ: ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ട് 1981 ആഗസ്റ്റിൽ കിട്ടിയിട്ടുണ്ട്. അത് ഒരു ഏകാംഗ കമ്മിറ്റിയായതു കൊണ്ട് കുറേക്കൂടി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഇവിടെ ഒരു കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് 1985 മാർച്ചിൽ കിട്ടി. അതിനുശേഷം അടിയന്തിരമായി നെല്ലുല്പാദനത്തെപ്പറ്റിയും അതിന്റെ പ്രയാസങ്ങളെപ്പറ്റിയുമൊക്കെ ദീർഘകാലാടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ എ. പി. സി.യെ നിയമിച്ചിട്ടുള്ളത്. അത് ഉടനെ കിട്ടും. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ ഒരു കാര്യം ഉണ്ട്. ഇപ്പോൾത്തന്നെ നെൽകൃഷിക്കാർക്ക് ഗവൺമെന്റ് കുറെ സഹായങ്ങൾ ചെയ്യുന്നുണ്ട്.

ഡോ. കെ. സി. ജോസഫ്: ജനാർദ്ദനൻനായർ കമ്മീഷന്റെ റിപ്പോർട്ട് 1981 ആഗസ്റ്റിൽ വന്നതിനുശേഷം അതിലെ ശുപാർശകൾ എങ്ങനെ നടപ്പിലാക്കാൻ കഴിയും, എത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്നറിയുന്നതിന് മറ്റൊരു കമ്മിറ്റി രണ്ടുവർഷം പഠിച്ചിട്ട് റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം ആ റിപ്പോർട്ടിൻമേൽ പഠനം നടത്താൻ വീണ്ടും എ. പി. സി.യെ നിയമിച്ചുവെന്നാണ് പറയുന്നത്. എ. പി. സി. യുടെ പഠനം ഇതുവരെ തുടങ്ങിയിട്ടില്ല. 1985 മാർച്ചിൽ നിയമിച്ച കമ്മീഷന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. പല ആശ്വാസ നടപടികളും കർഷകർക്ക് കൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പമ്പിംഗ് സബ്സിഡിയും വളം സബ്സിഡിയും കൊടുക്കുന്നുണ്ട്. പക്ഷേ ഇതൊന്നും സമയത്തിന് കിട്ടുന്നില്ല. 1982-ലെ ബഡ്ജറിൽ പ്രഖ്യാപിച്ചതുപോലെ സബ്സിഡികൾ നെൽകൃഷിക്കാർക്ക് മുഴുവനായിട്ട് കൊടുക്കുവാനും (രണ്ട് കൃഷിയാണുള്ളത്, ആ രണ്ടു കൃഷിക്കും) അതൊരു കണ്ടിന്യൂയിംഗ് സ്കീമായിട്ട് നടപ്പിലാക്കാനും എല്ലാ വർഷവും കാലാകാലങ്ങളിൽ അത് ലഭിക്കുവാനുമുള്ള തുക ബഡ്ജറിൽ നീക്കിവയ്ക്കാനും ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെ തന്നെ മറ്റ് സബ്സിഡികളുടെ ഇപ്പോഴുള്ള കുടിശ്ശിക നൽകുവാനും തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻനാടാർ: അത് കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുമെന്ന് ഞങ്ങൾ ഉറപ്പു തന്നിട്ടുണ്ട്.

ഡോ. കെ. സി. ജോസഫ്: കണ്ടിന്യൂയിംഗ് സ്കീമായിട്ട് നടപ്പിലാക്കുമോയെന്നാണ് ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻനാടാർ: അതേക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ കമ്മീഷൻ റിപ്പോർട്ടിൽ നൂറോളം നിർദ്ദേശങ്ങളുണ്ടെന്ന് പറഞ്ഞു. ഒരു ചെറിയ നിർദ്ദേശമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. ഈ കൃഷി ചെലവിന്റെ 50 ശതമാനം ചെലവ് മാത്രമെങ്കിലും കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യുമോ? ഈയൊരു നിർദ്ദേശമെങ്കിലും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻനാടാർ: അത് അദ്ദേഹത്തിന്റെ നിർദ്ദേശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: നടപടി സ്വീകരിക്കുമോയെന്നാണ് ചോദിച്ചത്.

ശ്രീ. എൻ. സുന്ദരൻനാടാർ: അത് ഗവൺമെൻറിന്റെ പോളിസി പ്രശ്നം ആണ്.

ശ്രീ. ഇ. കെ. നായനാർ: എനിക്ക് പറയുവാനുള്ളത്, 1982-83-ൽ 25 ശതമാനം സബ്സിഡി കൊടുക്കാമെന്ന് മുൻ ധനകാര്യ മന്ത്രി പ്രസ്താവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത കാര്യത്തെപ്പറ്റിയാണ്. ബഡ്ജറ്റിലുള്ള പ്രശ്നമാണ്. 1983-ൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ധനകാര്യ വകുപ്പു മന്ത്രി എഴുതിക്കൊടുത്തതാണ്. പക്ഷെ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന അർത്ഥം വരുന്ന തരത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പു മന്ത്രി കൈ കഴുകി ഇവിടെ നിന്ന് രക്ഷപ്പെടുകയും ചെയ്ത ഒരനുഭവം ഈ അസംബ്ലിക്ക് ഉണ്ട്. അതുകൊണ്ട് ഈ സബ്സിഡി കൊടുക്കാമെന്ന് ഈ ധനകാര്യ വകുപ്പു മന്ത്രി പറഞ്ഞതുകൊണ്ടൊന്നും ഞങ്ങൾക്ക് ഉറപ്പില്ല. പുതിയ ധനകാര്യ മന്ത്രി പറഞ്ഞാലും ഉറപ്പില്ല. കൊടുത്തതിനുശേഷമേ ഉറപ്പു വരൂ. കാരണം ഇവിടെ അനുഭവം അതാണ്. അതുകൊണ്ട്, ഈ ധനകാര്യ വകുപ്പു മന്ത്രി ഇപ്പോഴേ കൊടുക്കുമെന്ന് പറഞ്ഞത് കൊടുക്കുമോ ഇല്ലയോ എന്നുള്ളതിനും ഇത് നടപ്പിലാക്കാൻ എന്താണ് മാർഗ്ഗമെന്നുള്ളതിനും കൃഷിവകുപ്പു മന്ത്രി ഒരു വിശദീകരണം നൽകാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ഇവിടെ നെൽകൃഷിക്കാർ ആദായകരമല്ലാത്ത കൃഷിയാണ് നടത്തുന്നതെന്നു പറഞ്ഞു. അവർക്ക് കാലാകാലങ്ങളിൽ ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള മുഴുവൻ ഇളവുകളും (പമ്പിംഗ് സബ്സിഡി, ഇൻറർസ്റ്റ് സബ്സിഡി, വളം സബ്സിഡി തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും) ഒരു സമയബന്ധിത പരിപാടിയനുസരിച്ച് നടപ്പിലാക്കുകയെന്നുള്ളതാണ് ഗവൺമെൻറിന്റെ ലക്ഷ്യം. നെൽകൃഷിക്കാർക്ക് ആദായകരമായി കൃഷി നടത്താൻ സഹായകമായ നിലപാട് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉടനെ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ ആലപ്പുഴ ജില്ലയിലെ കരിനിലങ്ങൾ ഒരു പ്രത്യേകമേഖലയായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലും അത്തരം ഒരു തീരുമാനമെടുത്തതായി മനസ്സിലാക്കുന്നു. ആ കരിനിലങ്ങളെ പ്രത്യേകമേഖലയാക്കി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഗവൺമെൻറിന്റെ നയമെന്താണ്? അതിനെ സംബന്ധിച്ച തീരുമാനം എന്ന് ഉണ്ടാകും?

ശ്രീ. എൻ. സുന്ദരൻ നാടാർ: ആ റിപ്പോർട്ട് ഫൈനൽ സ്റ്റേജിലെത്തിയിരിക്കുകയാണ്. അത് കിട്ടിയാലുടൻ അതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ബേബിജോൺ: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് 1981-ൽ കിട്ടിയ റിപ്പോർട്ട് ആണെന്ന് പറഞ്ഞു. അത് പഠിക്കാൻ എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റിയെ ഏൽപ്പിച്ചു. 1985-ൽ വീണ്ടും റിപ്പോർട്ട് കിട്ടിയെന്ന് പറഞ്ഞു. എ. പി. സി. ചെയർമാനായിട്ടുണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചശേഷം വീണ്ടും വിശദമായി പഠിക്കാനായി എ. പി. സി. യെ നിയോഗിച്ചുവെന്ന് ഇവിടെ പറഞ്ഞു. എല്ലാവർക്കും സബ്സിഡി കൊടുക്കുമെന്ന് ധനകാര്യമന്ത്രി പറഞ്ഞു. പക്ഷേ അതിന് ബഡ്ജറ്റിൽ പ്രൊവിഷനില്ല. അതുകൊണ്ട് ആ 100 ശുപാർശകളുടെ ആദ്യത്തെ അഞ്ച് ശുപാർശകളെ എങ്കിലും നടപ്പിലാക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ശുപാർശകളെപ്പറ്റി വിശദമായി ചർച്ച ചെയ്യേണ്ട സമയം ആയില്ല. വിശദമായ റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഇംപ്ലിമെൻറ് ചെയ്യുന്നതിനുവേണ്ടിയാണ് എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റി വച്ചത്. ആ കമ്മിറ്റി റിപ്പോർട്ട് എന്നാണ് കിട്ടിയത്; അതിന്റെ അടിസ്ഥാനത്തിൽ ഇത് ഏതുദിവസം മുതൽ നടപ്പിലാക്കുമെന്ന് നിയമസഭയിൽ ഉറപ്പ് തരാമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ജനാർദ്ദനൻ നായർ കമ്മീഷന്റെ റിപ്പോർട്ട് 1981 ആഗസ്റ്റ് മാസത്തിലാണ് കിട്ടിയത്. വിശദമായ ഒരു റിപ്പോർട്ടുകൂടി കിട്ടിയാലുടൻ അടിയന്തിരമായി, അത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ഇക്കഴിഞ്ഞ പ്രകൃതിക്ഷോഭത്തിൽ നെൽകൃഷി നശിച്ച ധാരാളം കൃഷിക്കാരുണ്ട്. അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കി. വകുപ്പുമേധാവികൾപോലും ഇത്രലക്ഷം രൂപ നഷ്ടം വന്നിട്ടുണ്ട് എന്നുപറഞ്ഞ് എഴുതി അയച്ചിട്ടും റിവോൾവിംഗ് ഫണ്ട് മുഖേനയുള്ള സഹായധനം കൊടുക്കാൻ ഗവൺമെൻറ് പണം ഇതുവരെ കൊടുത്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. വളരെ അടിയന്തിരമായി ഈ പണം നൽകി പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: കൃഷിനാശത്തെപ്പറ്റി പറഞ്ഞു. 7.5 ലക്ഷം രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. അത് ഉടൻ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: പാലക്കാട് ജില്ല കേരളത്തിന്റെ നെല്ലറയാണെന്ന് എല്ലാവർക്കും അറിയാം. നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ട് നെൽക്കൃഷിസ്ഥലം മാറ്റി നാണ്യവിളകൾക്കുവേണ്ടി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിച്ച്, അവരെ സഹായിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കുന്നതിനുവേണ്ടിയാണ് ജനാർദ്ദനൻനായർ കമ്മീഷനെ നിയമിച്ചത്. ആ കമ്മീഷന്റെ റിപ്പോർട്ട് 1981-ൽ വന്നു. അതിന്റെ നടപടികളുമായി മുന്നോട്ടു പോയപ്പോൾ ഇലക്ഷൻ വന്നു, പുതിയ ഗവൺമെൻറും വന്നു. അതിനുശേഷം നാലുകൊല്ലം കഴിഞ്ഞ് അഞ്ചാം കൊല്ലത്തിലേക്ക് കാലുകുത്തിനിൽക്കുന്ന ഈ അവസരത്തിൽപോലും നെൽക്കൃഷിയെ സഹായിക്കാൻ യാതൊരു നടപടികളുമുണ്ടായിട്ടില്ല. പൂർണ്ണമായി നെൽക്കൃഷിയില്ലാതായശേഷം സഹായംകൊടുത്തിട്ട് കാര്യമില്ല. ഇതൊരു നയപരമായ കാര്യമാണെങ്കിൽ പോലും എത്ര കാലത്തിനുള്ളിൽ ഈ നിർദ്ദേശങ്ങളെ നടപ്പിലാക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്ന് പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇനി താമസം ഉണ്ടാകാതെ നടപ്പിലാക്കും.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഇന്ന് നമ്മുടെ സംസ്ഥാനത്ത് നെൽകൃഷിക്ക് ചെലവ് കൂടിവരുകയും ആദായം കുറഞ്ഞുവരുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഏത് പ്രദേശത്ത് നോക്കിയാലും നിലം നികത്തി കരയാക്കുന്ന പ്രവണത കൃഷിക്കാർക്ക് ഉണ്ടായിരിക്കുന്നു. ഇങ്ങനെ പോയാൽ ഈ റിപ്പോർട്ട് നടപ്പിലാക്കിവരുമ്പോഴേക്കും കൃഷിചെയ്യാനും അതിൽനിന്ന് കൂടുതൽ ആദായം ലഭിക്കുവാനും ബുദ്ധിമുട്ട് ഉണ്ടാകും, ഇങ്ങനെ വ്യാപകമായി കൃഷിക്കാർ നിലം നികത്തി കരയാക്കുന്ന പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതു തടയുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എൻ. സുന്ദരൻനാടാർ: അതിൻമേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. കൃഷ്ണൻ: നെൽക്കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന നമ്മുടെ നാട്ടിലെ 80 ശതമാനംവരുന്ന കൃഷിക്കാരോടുള്ള വഞ്ചനയാണ് ഈ ഗവൺമെന്റിന്റെ മറുപടിയിൽനിന്നും നടപടിയിൽനിന്നും കാണാൻ കഴിയുന്നത്. ഈ നിയമസഭയുടെ അംഗീകാരത്തോടും അറിവോടും സമ്മതത്തോടുംകൂടിയാണ് ജനാർദ്ദനൻ നായർ കമ്മീഷനെ നിയമിച്ചത്. ആ കമ്മിഷന്റെ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കുവാൻപോലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: പാവപ്പെട്ട 80 ശതമാനം ആളുകളെ കൊച്ചു കൃഷിക്കാരാണ്. അവരോട് വഞ്ചന കാണിക്കുകയില്ല, ഈ റിപ്പോർട്ട് ഇങ്ങനെ നടപ്പിലാക്കുന്നതിന് നടപടികളെടുക്കുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാതിരിക്കാമെന്നതിനെപ്പറ്റി കഴിഞ്ഞ നാലു വർഷമായി സമർത്ഥമായി ആലോചിച്ചുകൊണ്ടിരുന്ന പല കൃഷിവകുപ്പു മന്ത്രിമാരും ഇനിയിപ്പോൾ ഒരുകൈയ്യും കൂടി എങ്ങനെ തരണം ചെയ്യുമെന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. 1986-ൽ ഒരേക്കർ നിലം കൃഷി ചെയ്യുന്ന കൃഷിക്കാരന് 500 രൂപ ഇക്കൊല്ലം സബ്സിഡി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എൻ. സുന്ദരൻ നാടാർ: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഈ റിപ്പോർട്ട് നടപ്പിലാക്കേതിരിക്കാനാണ് എന്ന്, അത് ശരിയല്ല. ഇത് വളരെവേഗം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സബ്സിഡിയുടെ കാര്യം ഗവൺമെന്റ് പരിഗണിയിലാണ്. അത് ഇപ്പോഴും പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കൃഷിവകുപ്പുമന്ത്രിയും ധനകാര്യമന്ത്രിയും സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞു. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് കുട്ടനാടൻ പാടശേഖരങ്ങളെയോ തൃശ്ശൂർ കോൾനിലങ്ങളെയോ പാലക്കാടൻ നിലത്തേയോ കുറിച്ച് മാത്രമല്ല. പാരമ്പര്യമായി കാസർകോടുവരെയുള്ള നെൽക്കൃഷിക്കാരെ സംബന്ധിച്ചതാണ്, അവർക്ക് ഒരു നയാപൈസയും കൊടുക്കുന്നില്ല. സബ്സിഡിയും കൊടുക്കുന്നില്ല. കുട്ടനാട്ടിലെ കൃഷിക്കാർക്ക് മാത്രമല്ല കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും സബ്സിഡി കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരങ്ങൾ

ശ്രീ. എൻ. സുന്ദരൻ നാടാർ: അതിനെക്കുറിച്ച് പരിശോധിക്കുന്നുണ്ട്.

ശ്രീ. ഇ. പത്മനാഭൻ: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഒരു ഏകാംഗ കമ്മീഷൻ റിപ്പോർട്ടായതുകൊണ്ട് കൂടുതൽ അംഗങ്ങളുള്ള എ. പി. സി. കമ്മിറ്റിക്ക് കൊടുത്തു. എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റി 1985 ൽ റിപ്പോർട്ട് കൊടുത്തു. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടും എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും ഈ സഭയുടെ മേശപ്പുറത്ത് എം. എൽ. എ. മാർക്ക് ലഭ്യമാക്കാത്തതെന്തുകൊണ്ട്?

ശ്രീ. എൻ. സുന്ദരൻ നാടാർ: ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടും എ. പി. സി. ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടുമുണ്ട്. 1985-ലെ സാഹചര്യമല്ല 1986-87-ൽ ഉള്ളത്. നെൽക്കൃഷിയെ സംബന്ധിച്ച് വളരെ കാര്യങ്ങൾ ആലോചിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ടാണ് ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളത്. ആ റിപ്പോർട്ട് തരുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഉടൻ കിട്ടും. ഈ മൂന്നു റിപ്പോർട്ടും പഠിച്ചശേഷം ഗവൺമെന്റ് തീരുമാനമെടുക്കും.

കാർഷിക വിളകളുടെ പരിപോഷണത്തിന് ലഭിക്കുന്ന ലോകബാങ്ക് സഹായം

*47 [47] ശ്രീ. നാലകത്ത് സൂപ്പി:

,, എം. പി. എം. ഇസഹാക്ക് കുരിക്കൾ:

,, പി. കെ. കെ. ബാവ:

,, കെ. പി. രാമൻ:

,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1985-86-ൽ കാർഷിക വിളകൾ പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ ലോകബാങ്ക് സഹായം ലഭിച്ചു;

(ബി) ഏതെല്ലാം കാർഷിക വിളകൾക്ക് ആണ് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നത് ;

(സി) ഈ സഹായം ഏത് ഏജൻസി വഴിയാണ് വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കേര അഗ്രിക്കൾച്ചർ ഡവലപ്പ്മെന്റ് പ്രോജക്ട്, മാർക്കറ്റ് സ്ട്രക്ചർ കാഷ്യൂ പ്രോജക്ട് എന്നീ പദ്ധതികൾ അനുസരിച്ച് 1985-86-ൽ പതിനാലു കോടിയോളം രൂപ വിവിധ കാർഷികവിളകളുടെ പരിപോഷണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഈ തുകയുടെ പകുതിയോളം ലോകബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) തെങ്ങ്, കുരുമുളക്, കശുമാവ്.